## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1422** **04-07-2022 - ൽ മറുപടിയ്ക്ക്**

## ബി.ആർ.സി അദ്ധ്യാപകരുടെ വേതനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ബി.ആർ.സികളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് എത്ര രൂപ വീതമാണ് പ്രതിഫലമായി നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സമഗ്ര ശിക്ഷാ കേരളയിൽ അധ്യാപകരെ അന്യത്ര സേവന വ്യവസ്ഥയിൽ ട്രെയ്നർ, ബി.പി.സി, ഡി.പി.ഒ, ഡി.പി.സി. എന്നീ തസ്തികയിലേയ്ക്കാണ് നിയമിക്കുന്നത്. ടി അധ്യാപകർക്ക് സർക്കാരിന്റെ Pay revision പ്രകാരം നിശ്ചയിച്ചിട്ടുള്ള ശമ്പളം ആണ് നൽകുന്നത്. ബി.ആർസികളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് നിലവിൽ 14,000/-രൂപ വീതമാണ് പ്രതിമാസ വേതനമായി നൽകി വരുന്നത്. |
| (ബി) | നേരത്തെയുണ്ടായിരുന്ന തുകയിൽ നിന്ന് ശമ്പളത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ശമ്പളത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 2016-17 വർഷം വരെ കേന്ദ്ര സർക്കാർ സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് 25200/-രൂപ പ്രതിമാസ വേതനമായി നൽകുന്നതിന് അംഗീകാരം നൽകിയിരുന്നു. സർവ ശിക്ഷാ അഭിയാനും സമഗ്രശിക്ഷാ കേരളയും പ്രവർത്തിക്കുന്നതും ഫണ്ട് വിനിയോഗിക്കുന്നതും ഓരോ വർഷവും സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പദ്ധതി പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്കും തുകയ്ക്കും അനുസരിച്ചാണ്. 2018-19 വർഷം മുതൽ 2021-22 വർഷം വരെ കേന്ദ്രം സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് പ്രതിമാസ വേതനമായി നിശ്ചയിച്ച തന്നത് 7000/-രൂപ മാത്രമാണ് .സ്പെഷ്യലിസ്റ്റ് അധ്യാപകർ പാർട് ടൈം അധ്യാപകർ എന്ന നിലയിലാണ് ഇപ്രകാരം വേതനം എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ടി അധ്യാപകരുടെ സേവനം സ്കൂളുകളിൽ ആവശ്യമാണെന്നും അവരുടെ വേതനം കുറവാണെന്നും മനസിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഓരോ വർഷവും സ്പെഷ്യൽ അധ്യാപകർക്ക് പ്രതിമാസം 7000/-രൂപ കൂടി അധികമായി അനുവദിച്ച് ആകെ 14000/-രൂപ പ്രതിമാസം വേതനമായി നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സർക്കാർ ഈ ഇനത്തിൽ എത്ര രൂപ വീതമാണ് വിഹിതമായി നൽകിവരുന്നത്; | (സി) | പദ്ധതിയ്ക്കായി കേന്ദ്രസർക്കാർ ഈ വർഷം 1700.158 ലക്ഷം രൂപയാണ് അംഗീകരിച്ചിട്ടുള്ളത്. അതിൽ 1020.095 ലക്ഷം കേന്ദ്രവിഹിതവും 680.063 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. |
| (ഡി) | ബി.ആർ.സി അദ്ധ്യാപകരുടെ വേതന നഷ്ടം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.2016-17 വർഷം വരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് 25200/- രൂപയായിരുന്നു ശമ്പളമായി നൽകിവന്നത്. അതിനുശേഷം പ്രസ്തുത തുക 7000 ആയി കുറവ് ചെയ്തു. എന്നാൽ സംസ്ഥാന സർക്കാർ 7000രൂപ കൂടി അനുവദിച്ച് 14000രൂപയാണ് ഇപ്പോൾ നൽകി വരുന്നത്. പഴയ തുക പ്രകാരമുള്ള ശമ്പളം അനുവദിക്കണമെന്ന് നിരന്തരമായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ച് വരുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഇതുവരെ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ